# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2559    12.03.2018 ൽ മറുപടിക്ക്**

**ഇരവിപുരം മണ്ഡലത്തിലെ പാലങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം. നൗഷാദ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| ഇരവിപുരം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി എന്തെന്നും വിശദമാക്കാമോ? | ഇരവിപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന മൂന്ന് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ട്. താന്നി പാലം,ഇരവിപുരം പാലം, ഈഴവപാലം എന്നിവയാണ് ഇവ. ഇതിൽ താന്നി പാലവും ഇരവിപുരം പാലവും കാലാകാലങ്ങളിലെ അറ്റകുറ്റപണി നടത്തുന്നതിനായി ഭരണാനുമതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ്, സാധാരണ അറ്റകുറ്റ പണികൾക്കുള്ള 283 പാലങ്ങളുടെ എസ്റ്റിമേറ്റുകളോടൊപ്പം 29.11.2017 ലെ CE/R&B/GL/Bridges/2017/(3) നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ ഇപ്രകാരം ലഭ്യമാക്കിയിരിക്കുന്ന 283 എസ്റ്റിമേറ്റുകൾ ഒരുമിച്ച് ഒരു ഇ-ഓഫീസ് ഫയലായി ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ 10-20 എസ്റ്റിമേറ്റുകളുടെ കൂട്ടമായി അബ്സ്ട്രാക്റ്റ് സഹിതം സർക്കിൾ അടിസ്ഥാനത്തിൽ പ്രൊപോസലുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം |

നൽകിയിട്ടുണ്ട്.ആയത് ലഭ്യമാകുന്ന മുറയ്ക്ക് മേൽ പ്രവർത്തികൾക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻകഴിയുമെന്ന് കരുതുന്നു.

ഈഴവപാലം ബഡ്ജറ്റ് വർക്ക് 2016-17-ൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പ്രവൃത്തി ശ്രീ.എം.ഡി. ഫയസ്, ബർക്ക ഹൗസ്, ചെങ്കള പി.ഒ. കാസർഗോഡ്-എന്നയാളിന് 07.02.2018 ൽ സെലക്ഷൻ നോട്ടീസ് കൊടുക്കുകയും എഗ്രിമെന്റ് വയ്ക്കുവാനുള്ള നടപടികൾ നടന്നുവരുകയും ചെയ്യുന്നു. .

S. Bindu

**സെക്ഷൻ ഓഫീസർ**